ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:14.08.2025**

## പ്രധാനവാർത്തകൾ

1. **79-ാമത് സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് തയ്യാറെടുത്ത് രാജ്യം; രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് വൈകിട്ട് 7 ന് സ്വാതന്ത്ര്യദിന സന്ദേശം നൽകും.**
2. **നാളെ ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തി രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.**
3. **സംസ്ഥാനത്തും വിപുലമായ സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികൾ; തിരുവനന്തപുരത്ത് നടക്കുന്ന പരേഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തി അഭിവാദ്യം സ്വീകരിക്കും.**
4. **സംസ്ഥാനത്തെ അണക്കെട്ടുകളുമായി ബന്ധപ്പെട്ട ബഫർ സോൺ വിഷയത്തിൽ ഇന്ന് തിരുവനന്തപുരത്ത് സർവ്വകക്ഷി യോഗം.**
5. **തെരുവുനായ വിഷയത്തിൽ സംസ്ഥാനങ്ങൾക്ക് സ്വന്തം നിലയിൽ മുന്നോട്ടുപോകാനുള്ള അധികാരം ഉണ്ടാകണമെന്ന് മന്ത്രി എം ബി. രാജേഷ്.**
6. **സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത; കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.**

RNUTVPM

&&&&&&&&&&&&&&&&&&

## രാഷ്ട്രപതി

79-ാമത് സ്വാതന്ത്ര്യദിനത്തെ വരവേൽക്കാനൊരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് വൈകുന്നേരം 7 ന് രാജ്യത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലകളിലും അഭിസംബോധന പ്രക്ഷേപണം ചെയ്യും. തുടർന്ന് അഭിസംബോധനയുടെ പ്രാദേശിക പതിപ്പുകളും ലഭ്യമാകും.

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി

നാളെ സ്വാതന്ത്ര്യദിനത്തിൽ ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തി രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. 2047 ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം മുൻനിർത്തി , നവ ഭാരതം എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ ആഘോഷങ്ങൾ. സ്വാതന്ത്ര്യദിനത്തിൽ പൂർണ സുരക്ഷ ഉറപ്പാക്കാൻ വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്. സ്വാതന്ത്ര്യദിന ചടങ്ങിൽ പങ്കെടുക്കുന്ന പൊതുജനങ്ങൾക്കായി ഡൽഹി മെട്രോ പുലർച്ചെ 4 മണിക്ക് സർവീസുകൾ ആരംഭിക്കും.

RNU TVPM

&&&&&&&&&&&&&&&&&&&

**വിഭജന ഭീതി ദിനം**

ഇന്ന് വിഭജന ഭീതി സ്മൃതി ദിനം. 1947 ലെ ഇന്ത്യ വിഭജനത്തോടനുബന്ധിച്ച് ജീവൻ നഷ്ടമായവർക്കും, ദുരിതമനുഭവിച്ചവർക്കും ആദരമർപ്പിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. രാജ്യത്തെ ഒന്നിച്ചു നിർത്തുന്ന ഐക്യബന്ധങ്ങൾ ശക്തിപ്പെടുത്താനുള്ള ഉത്തരവാദിത്തം ഓർമ്മപ്പെടുത്തുന്നതാണ് ദിനമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ദിനാചരണത്തിന്റെ ഭാഗമായി ബിജെപി കണ്ണൂരിൽ താളിക്കാവ് മുതൽ ഗാന്ധി സർക്കിൾ വരെ മൗന ജാഥ സംഘടിപ്പിക്കും.

&&&&&&&&&&&&&&&&&&&

**സ്വാതന്ത്ര്യദിനം സംസ്ഥാനം ( ഇൻട്രോ)**

സംസ്ഥാനത്തും വിപുലമായ സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികളാണ് ഒരുങ്ങുന്നത്. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നാളെ രാവിലെ ഒൻപതിന് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും. വിവിധ സേനാ വിഭാഗങ്ങളുടെ പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിക്കും.

***വിശദാംശങ്ങളിലേക്ക്.....***

RNU TVPM

*(വോയിസ്)*

**&&&&&&&&&&&&&&&&&&**

## സ്വാതന്ത്ര്യദിനം സംസ്ഥാനം-(വോയിസ്)

സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങിൽ, വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലുകൾ, ഫയർ സർവ്വീസ് മെഡലുകൾ, കറക്ഷനൽ സർവ്വീസ് മെഡലുകൾ, ജീവൻ രക്ഷാപതക്കങ്ങൾ എന്നിവ മുഖ്യമന്ത്രി സമ്മാനിക്കും. ജില്ലാ ആസ്ഥാനങ്ങളിലും സ്കൂളുകളിലും സ്ഥാപനങ്ങളിലും ആഘോഷങ്ങൾ സംഘടിപ്പിക്കും. കൊല്ലം ജില്ലയിൽ മന്ത്രി വി ശിവൻകുട്ടി ദേശീയ പതാക ഉയർത്തും. പത്തനംതിട്ട ജില്ലയിൽ മന്ത്രി വീണാ ജോർജ് പരേഡിൽ അഭിവാദ്യം സ്വീകരിക്കും. ആലപ്പുഴ ബീച്ചിലെ പൊലീസ് പരേഡ് ഗ്രൗണ്ടിൽ നടക്കുന്ന ജില്ലാതല ആഘോഷത്തിൽ മന്ത്രി സജി ചെറിയാൻ ദേശീയപതാക ഉയർത്തും. കോട്ടയം ജില്ലയിലെ പരേഡിൽ മന്ത്രി ജെ ചിഞ്ചുറാണി ദേശീയപതാക ഉയർത്തി അഭിവാദ്യം സ്വീകരിക്കും. ഇടുക്കി ഐ.ഡി.എ ഗ്രൗണ്ടിൽ മന്ത്രി റോഷി അഗസ്റ്റിൻ പതാക ഉയർത്തും. എറണാകുളത്ത് സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് മന്ത്രി പി രാജീവ് നേതൃത്വം നൽകും. തൃശ്ശൂരിൽ മന്ത്രി ആർ ബിന്ദു ദേശീയ പതാക ഉയർത്തും. പാലക്കാട് കോട്ടമൈതാനിയിൽ നടക്കുന്ന പരേഡിൽ മന്ത്രി എം.ബി. രാജേഷ് ദേശീയ പതാക ഉയർത്തും. മലപ്പുറം ജില്ലാതല സ്വാതന്ത്ര്യദിനാഘോഷത്തിൽ മന്ത്രി കെ.രാജൻ ദേശീയ

PNUTVPM

പതാക ഉയർത്തി അഭിവാദ്യം സ്വീകരിക്കും. കോഴിക്കോട് മന്ത്രി എ കെ ശശീന്ദ്രൻ ദേശീയ പതാക ഉയർത്തും. വയനാട് ജില്ലയിൽ മന്ത്രി ഒ ആർ കേളു ദേശീയപതാക ഉയർത്തി അഭിവാദ്യം സ്വീകരിക്കും. കണ്ണൂർ ജില്ലയിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ദേശീയപതാക ഉയർത്തും. കാസർഗോഡ് ജില്ലാതല ആഘോഷങ്ങളിൽ മന്ത്രി കെ കൃഷ്ണൻ കുട്ടി പങ്കെടുക്കും. ന്യൂസ്ഡെസ്ക് ആകാശവാണി......

&&&&&&&&&&&&&&&&&&

## തിരംഗ യാത്ര

ഹർ ഘർ തിരംഗ പ്രചാരണത്തിന്റെ ഭാഗമായി ആലപ്പുഴ നൂറനാട് ഐ ടി ബി പി യുടെ നേതൃത്വത്തിൽ 'തിരംഗ യാത്ര' സംഘടിപ്പിച്ചു. 200 ഓളം സൈനികരും നാട്ടുകാരും പങ്കെടുത്തു. തിരംഗ ക്യാമ്പയിനിന്റെ ഭാഗമായി റെയിൽവേ സുരക്ഷാ സേന തിരുവനന്തപുരം ഡിവിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ബൈക്ക് റാലി ഡിവിഷണൽ റെയിൽവേ മാനേജർ ദിവ്യകാന്ത് ചന്ദ്രാകർ ഫ്ലാഗ് ഓഫ് ചെയ്തു. ക്യാമ്പയിൻ നാളെ അവസാനിക്കും.

RNU TVPM

&&&&&&&&&&&&&&&&&&

## സ്വാതന്ത്ര്യ ദിനം : സംഗീത വിരുന്ന്

79-ാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ ഭാഗമായി, വ്യോമസേനാ ബാൻഡ് അവതരിപ്പിക്കുന്ന സംഗീത വിരുന്ന്

നാളെ വൈകുന്നേരം 6.30 ന് തിരുവനന്തപുരത്തെ ശംഖുമുഖം ബീച്ചിൽ നടക്കും. ദേശാഭിമാനവും ഐക്യവും വളർത്തുക ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

## ഡിജിറ്റൽ സാക്ഷരത

സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്ന സംസ്ഥാനമായി കേരളം മാറുന്നതിന്റെ പ്രഖ്യാപനം ഈ മാസം 21 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. സംസ്ഥാനത്ത് നടപ്പിലാക്കിയ 'ഡിജി കേരളം' പദ്ധതിയിലൂടെ 21 ലക്ഷത്തി 87 ആയിരത്തിലധികം പേർ പുതുതായി ഡിജിറ്റൽ സാക്ഷരത കൈവരിച്ചെന്ന് മന്ത്രി എം ബി രാജേഷ് അറിയിച്ചു. ഇവരിൽ 90 വയസിന് മുകളിൽ പ്രായമുള്ള പതിനയ്യായിരത്തിൽ അധികം പേരുണ്ട്. വിദ്യാർത്ഥികളും സന്നദ്ധ പ്രവർത്തകരും ഉൾപ്പെടെയുള്ളവരാണ് ഇവർക്ക് പരിശീലനം നൽകിയത്.

RNU TVPM

&&&&&&&&&&&&&&&&&&

## അണക്കെട്ട് ബഫർ സോൺ യോഗം

സംസ്ഥാനത്തെ അണക്കെട്ടുകളുമായി ബന്ധപ്പെട്ട ബഫർ സോൺ വിഷയത്തിൽ മന്ത്രി റോഷി അഗസ്റ്റിന്റെ നേതൃത്വത്തിൽ ഇന്ന് തിരുവനന്തപുരത്ത് സർവ്വകക്ഷി യോഗം ചേരും. ഉച്ചയ്ക്ക് 2 മണിക്ക് മന്ത്രിയുടെ ഓഫീസിലാണ് യോഗം. അണക്കെട്ടുകളിൽ ബഫർ സോൺ പ്രഖ്യാപിച്ച

സർക്കാർ ഉത്തരവ് പിൻവലിച്ചിട്ടും വീടു നിർമാണങ്ങൾക്ക് ഉൾപ്പെടെ ജലസേചന വിഭാഗം നിരാക്ഷേപപത്രം നൽകുന്നില്ലെന്ന പരാതിയുയർന്ന സാഹചര്യത്തിലാണ് സർവകക്ഷിയോഗം വിളിച്ചത്.

&&&&&&&&&&&&&&&&&&

**അതിദാരിദ്യമുക്തം- കണ്ണൂർ**

അതിദാരിദ്യം ഇല്ലാതാക്കുന്നതിനാണ് സംസ്ഥാന സർക്കാർ മുൻഗണന നൽകുന്നതെന്ന് മന്ത്രി എം ബി രാജേഷ്. കണ്ണൂരിനെ അതി ദാരിദ്ര്യമുക്ത ജില്ലയായി പ്രഖ്യാപിക്കുകയായിരുന്നു അദ്ദേഹം. 94.47 ശതമാനം പേരെയും അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കിയതായി മന്ത്രി പറഞ്ഞു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷനായി.

RNU TVPM

&&&&&&&&&&&&&&&&&&

**മൻ കി ബാത്ത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന്. മൻ കി ബാത്തിന്റെ 125 -ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, ആഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി

ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&&

**തെരുവുനായ വിഷയം- എം ബി രാജേഷ്**

തെരുവുനായ വിഷയത്തിൽ സംസ്ഥാനങ്ങൾക്ക് സ്വന്തം നിലയിൽ മുന്നോട്ടുപോകാനുള്ള അധികാരം ഉണ്ടാകണമെന്ന് മന്ത്രി എം ബി. രാജേഷ്. പ്രശ്നപരിഹാരത്തിന് സംസ്ഥാനങ്ങൾക്ക് നിയമമുണ്ടാക്കാൻ അനുമതി നൽകണമെന്നും മന്ത്രി കണ്ണൂരിൽ മാധ്യമപ്രവർത്തകരോട് പ്രതികരിച്ചു. അതേസമയം, ഡൽഹിയിൽ ജനവാസ മേഖലയിൽ നിന്നും തെരുവ് നായ്ക്കളെ സ്ഥിരം ഷെൽട്ടറിലേക്ക് മാറ്റണമെന്ന സുപ്രീംകോടതി ഉത്തരവ് സ്റ്റേ ചെയ്യണമെന്നാവശ്യപ്പെടുന്ന ഹർജികൾ സുപ്രീം കോടതി വിധി പറയാൻ മാറ്റി.

&&&&&&&&&&&&&&&&&&

**വിലങ്ങാട് ഉരുൾപ്പൊട്ടൽ**

കോഴിക്കോട് വിലങ്ങാട് ഉരുൾപൊട്ടൽ അതിജീവിതർക്ക് സർക്കാർ പ്രഖ്യാപിച്ച ബാങ്ക് വായ്പകൾക്കുള്ള മൊറട്ടോറിയം മാറ്റമില്ലാതെ തുടരുമെന്ന് ജില്ലാ കലക്ടർ അറിയിച്ചു. വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട് മൊറട്ടോറിയം വ്യവസ്ഥകൾക്ക് വിപരീതമായിബാങ്കുകളിൽനിന്ന് അറിയിപ്പ് ലഭിച്ചാൽ ജില്ലാ

ദുരന്തനിവാരണ അതോറിറ്റിയെ അറിയിക്കണമെന്ന് കളക്ടർ പറഞ്ഞു.

&&&&&&&&&&&&&&&&&&

**മഴ-കേരളം**

സംസ്ഥാനത്ത് അടുത്ത 4 ദിവസം മഴയ്ക്ക് സാധ്യത. എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&

RNU TVPM

**മുതലപ്പൊഴി-ഇൻട്രോ**

തിരുവനന്തപുരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ നവീകരണത്തിനുള്ള നിർമാണ പ്രവർത്തനങ്ങൾക്ക് ഇന്ന് തുടക്കം. കഴിഞ്ഞ മാസം 31 ന് മുഖ്യമന്ത്രി പിണറായി വിജയനാണ് നവീകരണ പദ്ധതി ഉദ്ഘാടനം ചെയ്തത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്............***

***(വോയിസ്)***

&&&&&&&&&&&&&&&&&&

## കളിക്കളം- നിർമ്മാണോദ്ഘാടനം

'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ കടപ്ലാമറ്റത്ത് കളിക്കളത്തിന്റെ നിർമാണോദ്ഘാടനം മന്ത്രി വി. അബ്ദുറഹ്മാൻ ഇന്ന് വൈകിട്ട് നിർവഹിക്കും. ഒരു ഫുട്ബോൾ സ്റ്റേഡിയം, വോളിബോൾ കോർട്ട്, രണ്ട് ബാഡ്മിന്റൻ കോർട്ടുകൾ എന്നിവയാണു നിർമിക്കുന്നത്.

&&&&&&&&&&&&&&&&&&

## ഓഹരി/ സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 123 പോയിന്റ് ഉയർന്ന് 80,663 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 31 പോയിന്റ് നേട്ടത്തിൽ 24,650 ലും വ്യാപാരം തുടരുന്നു. സ്വർണ വിലയിൽ മാറ്റമില്ല. പവന് 74,320 രൂപയും, ഗ്രാമിന് 9,290 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## ചെങ്ങന്നൂർ റവന്യൂ ടവർ

ചെങ്ങന്നൂർ റവന്യൂ ടവറിന്റെ നിർമ്മാണോദ്ഘാടനം മന്ത്രി കെ രാജൻ നിർവഹിച്ചു. മന്ത്രി സജി ചെറിയാൻ അധ്യക്ഷനായി. ചെങ്ങന്നൂർ കോടതിക്കു സമീപം, പഴയ

RNUTVPM

താലൂക്ക് ഓഫീസ് പ്രവർത്തിച്ചിരുന്ന സ്ഥലത്താണ് കെട്ടിട നിർമ്മാണം ആരംഭിക്കുന്നത്.

&&&&&&&&&&&&&&&&&&

## പി രാജീവ് - വിർച്വൽ റിസപ്ഷനിസ്റ്റ്

സെക്രട്ടേറിയറ്റിൽ മന്ത്രി പി രാജീവിന്റെ ഓഫീസിന് മുൻപിൽ സന്ദർശകർക്ക് കൗതുകമായി വിർച്വൽ റിസപ്ഷനിസ്റ്റ്. സന്ദർശകരുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും KEL- E ചാറ്റ്ബോട്ട് ഉത്തരം നൽകും. കെൽട്രോണാണ്, നിർമിതബുദ്ധി സഹായത്തോടെ പ്രവർത്തിക്കുന്ന KEL- E യെ നിർമിച്ചത്.

RIJUTVPM

&&&&&&&&&&&&&&&&&&

## മട്ടന്നൂർ- അനുമോദന യോഗം

കേന്ദ്ര സർക്കാരിന്റെ 'പ്രൊമിസിംഗ് സ്വച്ച് ശഹർ' പുരസ്കാരം നേടാൻ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയ്ക്കൊപ്പം ചേർന്ന് പ്രവർത്തിച്ചവരെ ഇന്ന് ആദരിക്കും. വൈകിട്ട് നടക്കുന്ന പരിപാടി, മന്ത്രി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്യും. ഭരണസമിതി, ആരോഗ്യ പ്രവർത്തകർ, ശുചീകരണ തൊഴിലാളികൾ, ഹരിതകർമ സേന, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ ഉൾപ്പെടെയുള്ളവരെ അനുമോദിക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM